(ബി) അല്ല. ആസ്ഥാന ഓഫീസ് ഏതാണ്ട് പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമാണ്. ജില്ലാ ഓഫീസുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു.

(സി) ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാലാണ് ദേവസ്വം ബോർഡ്, മലിനീകരണനിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി വഴി നടത്താത്തത്.

(ഡി&ഇ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന നില

51 (3682) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. പ്രസിദ്ധീകരിച്ച കാറ്റഗറി നമ്പർ 257/12 എൽ.ഡി. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലർക്ക് റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നാളിതുവരെയായി നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ശിപാർശ ചെയ്ത എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേരാണ് ജോലിയിൽ പ്രവേശനം നേടിയതെന്നും ഇവർക്ക് പകരം മറ്റാരെയെങ്കിലും നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികകളിൽ ഒഴിവ് ഉണ്ടായിട്ടും പ്രസ്തുത ഒഴിവുകൾ വകുപ്പ് മേധാവികൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഫിഷറീസ്, റവന്യൂ, പഞ്ചായത്ത്, വനം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളിൽ നിലവിൽ ഈ തസ്തികയുടെ ഒഴിവുകൾ ഉണ്ടായിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly